**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 586** **09-06-2021 - ൽ മറുപടിയ്ക്ക്**

**ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **Shri. A. K. Saseendran<br>(വനം, വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മാനന്തവാടി നിയോജക മണ്ഡലത്തിൽ എവിടെയെല്ലാമാണ് ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നോർത്ത് വയനാട് വനം ഡിവിഷനിലെ കൂടൽകടവ് മുതൽ പാൽവെളിച്ചം വരെ 6 കി.മീ. നീളത്തിലും സൗത്ത് വയനാട് വനം ഡിവിഷനിലെ നെയ്ക്കുപ്പ മുതൽ ദാസനക്കര വരെയുള്ള 14.5 കി.മീ.ൽ ഏകദേശം 2.5 കി.മീ. ദൂരവും വരുന്ന ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് മാനന്തവാടി നിയോജക മണ്ഡലത്തിന്റെ കീഴിൽ വരുന്നതാണ്. |
| (ബി) | നിലവിൽ പദ്ധതി നടപ്പാക്കുന്ന സ്ഥലങ്ങളിലെ പുരോഗതി അറിയിക്കാമോ; | (ബി) | നോർത്ത് വയനാട് വനം ഡിവിഷനിലെ കൂടൽകടവ് മുതൽ പാൽവെളിച്ചം വരെയുള്ള 6 കി.മീ. ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗിന്റെ നിർമ്മാണത്തിന് വേണ്ടി അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സൗത്ത് വയനാട് വനം ഡിവിഷനിലെ നെയ്ക്കുപ്പ മുതൽ ദാസനക്കര വരെയുള്ള 2.5 കി.മീ. ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ട്. |
| (സി) | ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കാമോ? | (സി) | ക്രാഷ്ഗാർഡ് ഫെൻസിംഗും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗും മറ്റ് പ്രതിരോധ മാർഗ്ഗങ്ങളെക്കാൾ വളരെ ചെലവ് കൂടിയതാണ്. ആയതിനാൽ, ഫണ്ടിന്റെ ലഭ്യതയും വന്യമൃഗശല്യത്തിന്റെ രൂക്ഷതയും അടിസ്ഥാനമാക്കി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ